### കെഎസ്ടി എംപ്ലോയീസ് സംഘ് സെക്രട്ടറിയേറ്റ് മാർച്ച് നാളെ

# കെഎസ്ആർടിസിയെ സർക്കാർ സംരക്ഷിക്കണം: ബിഎംഎസ്

**തിരുവനന്തപുരം:** കെഎസ്ആർടിസിയെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ തയാറാകണമെന്ന് കെഎസ്ടി എംപ്ലോയീസ് സംഘ് (ബിഎംഎസ്) ആവശ്യപ്പെട്ടു. 44,000 ജീവനക്കാരും 6500 ബസുകളും ഉണ്ടായിരുന്ന കെഎസ്ആർടിസി ഇന്ന് 22,000 ജീവനക്കാരും 3200 ബസുകളുമായി കുറഞ്ഞിരിക്കുന്നു. അതിൽ തന്നെയും 1200 ബസുകൾ കാലാവധി കഴിഞ്ഞവയാണ്. പുതിയ ബസുകൾ ഇറക്കാതെയും, നിയമനങ്ങൾ നടത്താതെയും ഇത്തരത്തിൽ മുന്നോട്ടു പോയാൽ കെഎസ്ആർടിസി ഇല്ലാതാകും. പിഎസ്സിയെ നോക്കുകുത്തിയാക്കി പ്രൊമോഷൻ തസ്തികളിലുൾപ്പെടെ പിൻവാതിൽ നിയമനം തകൃതിയായി നടക്കുന്നു. കെഎസ്ആർടിസിയുടെ കുത്തക റൂട്ടുകൾ പോലും സ്വകാര്യ മേഖലയ്ക്ക് വിറ്റഴിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഇതെല്ലാം കെഎസ്ആർടിസിയുടെ നാശത്തിലേക്കുള്ള വഴിതെളിക്കുകയാണെന്ന് കെഎസ്ടി എംപ്ലോയീസ് സംഘ് ആരോപിച്ചു.

കെഎസ്ആർടിസിക്ക് പുതിയ ബസുകൾ വാങ്ങിനൽകുക, ശമ്പളവും, പെൻഷനും കൃത്യമായി എല്ലാ മാസവും ഒറ്റത്തവണയായി വിതരണം ചെയ്യുക, കെഎസ്ആർടിസിക്കുള്ള സാമ്പത്തിക സഹായത്തിന് സർക്കാർ ബജറ്റിൽ തുക വകയിരുത്തുക, പിൻവാതിൽ വഴിയുള്ള ബദൽ നിയമനങ്ങൾ പിൻവലിച്ചുകൊണ്ട് പിഎസ്സി വഴി നിയമനങ്ങൾ നടത്തുക, ജീവനക്കാർക്ക് അർഹമായ പ്രമോഷൻ അനുവദിക്കുക, കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്മെന്റ് സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെഎസ്ടി എംപ്ലോയീസ് സംഘ് നാളെ സെക്രട്ടറിയേറ്റ് മാർച്ച് നടത്തും. സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും ബിഎംഎസ് സംസ്ഥാന പ്രസിഡന്റ് ബി. ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യും. കെഎസ്ടി എംപ്ലോയീസ് സംഘ് (ബിഎംഎസ്) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സി. ഹരീഷ്കുമാർ അധ്യക്ഷത വഹിക്കും. സംസ്ഥാന ജനറൽ സെക്രട്ടറി എസ്.അജയകുമാർ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ് വി. നായർ, ട്രഷറർ ആർ.എൽ. ബിജുകുമാർ തുടങ്ങിയവർ സംസാരിക്കും.

# സനാതന ധർമ്മത്തിനെതിരെ സംസാരിക്കാൻ ഖാർഗെയും അഖിലേഷും പണം വാങ്ങുന്നു: യോഗി

**പ്രയാഗ്രാജ്:** എഐസിസി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും സനാതന ധർമ്മത്തിനെതിരെ സംസാരിക്കാൻ പണം വാങ്ങുന്നുവെന്ന് ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. പ്രയാഗ്‌രാജിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ഒരു വശത്ത് പ്രയാഗ്‌രാജിൽ ഇത്രയും വലിയൊരു പരിപാടിക്ക് ജനങ്ങൾ സാക്ഷ്യം വഹിക്കുകയും അതിൽ അഭിമാനത്തോടെ പങ്കെടുക്കുകയും ചെയ്യുന്നു. മറുവശത്ത് ഒരുകൂട്ടർ രാജ്യദ്രോഹ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സനാതന ധർമത്തിന് എതിരായി പ്രതിഫലം വാങ്ങുകയും ചെയ്യുന്നു. പ്രതിപക്ഷം ഒന്നാം ദിവസം മുതൽ മഹാകുംഭമേളക്കെതിരെ സംസാരിക്കുന്നത് ജനങ്ങൾ എല്ലാവരും ശ്രദ്ധിക്കുന്നുണ്ട്. മൗനി അമാവാസിയിൽ ആയിരക്കണക്കിനാളുകൾ മഹാകുംഭമേളയിൽ വച്ച് മരിച്ചുവെന്ന് ഖാർഗെ പറഞ്ഞതിൽ എനിക്ക് ദുഃഖമുണ്ട്. അദ്ദേഹത്തിന്റെ ഈ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവന അപലപനീയവും ലജ്ജാകരവുമാണ്. സനാതന ധർമ്മത്തെ കൂടുതൽ അപമാനിക്കുന്നതിൽ ഖാർഗെയും, അഖിലേഷ് യാദവും തമ്മിൽ മത്സരവുമുണ്ടെന്നും യോഗി പറഞ്ഞു.

കുംഭമേളക്കിടയിൽ പരിക്കേറ്റ എല്ലാവരെയും ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിക്കുന്നതിന് സുരക്ഷാസേന നടത്തിയ ശ്രമങ്ങളെ മുഖ്യമന്ത്രി പ്രശംസിച്ചു. ഇത് അവരുടെ കടമ നിറവേറ്റുന്നതിനുള്ള ഒരു ഉദാഹരണമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

# ജ്യോതിഷ ശാസ്ത്രത്തോടുള്ള അധിക്ഷേപം അവസാനിപ്പിക്കണം: ഭാരതീയ ജ്യോതിഷ വിചാര സംഘം

**കൊച്ചി:** കുറേ കാലങ്ങളായി ഏതൊരു കൊലപാതകം നടന്നാലും അതിന്റെ പിന്നിൽ ഒരു ജ്യോത്സ്യനെ കൊണ്ടുവരാനുള്ള ബോധപൂർവമായ ശ്രമം പല ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്നും അത് ഖേദകരമാണെന്നും ഭാരതീയ ജ്യോതിഷ വിചാര സംഘം. മഹത്തായ ഈ ശാസ്ത്രത്തെ അവഹേളിക്കുന്നത് അവസാനിപ്പിക്കണം. ഇത്തരം പ്രവണതകൾ ആരുടെ ഭാഗത്ത് നിന്നുണ്ടായാലും വച്ചു പൊറുപ്പിക്കില്ല. ശക്തമായ പ്രക്ഷോഭങ്ങൾ നടത്തും. നിയമനടപടികളിലേക്കും സംഘടന പോകുമെന്നും സംഘടനയുടെ അടിയന്തര പ്രവർത്തക സമിതി യോഗത്തിൽ തീരുമാനിച്ചു.

തെറ്റ് ആരുടെ ഭാഗത്തു നിന്നുണ്ടായാലും നിയമ നടപടികൾ സ്വീകരിക്കുന്നതിനേയും സംഘടന സ്വാഗതം ചെയ്തു. ജ്യോതിഷവുമായി പുലബന്ധം പോലുമില്ലാത്ത കാര്യങ്ങളിലും ജ്യോതിഷത്തെ ഒരു അജണ്ടയുടെ ഭാഗമെന്നോണം വലിച്ചിഴക്കുകയാണ്. പതിനായിരക്കണക്കിന് വരുന്ന, ജ്യോതിഷം ഉപജീവനമാർഗ്ഗം ആക്കിയവർക്കും ജ്യോതിഷം എന്ന മഹത്തായ ശാസ്ത്രത്തിൽ വിശ്വാസം അർപ്പിച്ച ജനലക്ഷങ്ങൾക്കും ഇത് ഏറെ വേദനാജനകമാണ്.

സനാതന ധർമ്മത്തെ തകർക്കുവാനും ജ്യോതിഷത്തെ നിരോധിക്കുവാനുള്ള സംഘടിത ശ്രമം ഇതിന്റെ പിന്നിലുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. യോഗത്തിൽ ഭാരതീയ ജ്യോതിഷ വിചാര സംഘം സംസ്ഥാന പ്രസിഡന്റ് കുഴുപ്പള്ളി എൻ.കെ. നമ്പൂതിരി അധ്യക്ഷത വഹിച്ചു. ബിഎംഎസ് സംസ്ഥാന പ്രസിഡന്റ് ബി. ശിവജി സുദർശൻ, പ്രഭാരി അഡ്വ. മുരളീധരൻ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീകുമാർ പെരിനാട്, സെക്രട്ടറിമാരായ പി.കെ. സദാശിവൻ പിള്ള, കെ. ബ്രഹ്മദത്തൻ, ട്രഷറർ സോമശേഖരൻ പിള്ള പന്തളം, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഷിബു നാരായണൻ, സെക്രട്ടറി സതീഷ് പോറ്റി എന്നിവർ സംസാരിച്ചു.

# നെന്മാറ ഇരട്ടക്കൊല: പ്രതിയുമായി തെളിവെടുപ്പ് നടത്തി

**ആലത്തൂർ (പാലക്കാട്):** കുറ്റബോധമില്ലാതെ, ഭാവഭേദമില്ലാതെ, കൊലപാതക രീതിയും, രക്ഷപ്പെട്ട വഴിയുമടക്കം വാക്കിൽ ഒരു പതർച്ചയുമില്ലാതെ പോലീസിനോട് വിവരിച്ച് നെന്മാറ പോത്തുണ്ടി ഇരട്ടക്കൊലപാതക കേസിലെ പ്രതി ചെന്താമര.

നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി ചെന്താമരയുമായി പോലീസ് പോത്തുണ്ടി തിരുത്തമ്പാടത്ത് കൊലപാതകം നടന്ന സ്ഥലത്ത് തെളിവെടുപ്പിന് കൊണ്ടുവന്നപ്പോൾ

തിങ്കളാഴ്ചയാണ് പ്രതിയെ ചോദ്യം ചെയ്യുന്നതിനായി പോലീസ് കസ്റ്റഡി അപേക്ഷ നൽകിയത്. ഇന്നലെ രാവിലെ 11 മണിയോടെ വിയ്യൂർ ജയിലിൽ നിന്ന് ആലത്തൂർ കോടതിയിൽ എത്തിച്ച പ്രതിയെ ഇന്ന് ഉച്ചയ്ക്ക് ശേഷം മൂന്നുവരെ പോലീസ് കസ്റ്റഡിയിൽ വിടുകയായിരുന്നു. കനത്ത പോലീസ് സുരക്ഷയിലാണ് ഇന്നലെ ഉച്ചയ്ക്ക് ഒരുമണിയോടെ പോത്തുണ്ടി തിരുത്തമ്പാടം ബോയൻ കോളനിയിൽ കൊലപാതകം നടന്ന സ്ഥലത്തും, പ്രതിയുടെ വീട്ടിലും, പ്രതി രക്ഷപ്പെട്ട വഴികളിലും, മലയിൽ ഒളിവിൽ കഴിഞ്ഞതും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തെളിവെടുപ്പ് നടത്തിയത്. കനത്ത പോലീസ് സുരക്ഷയിലായിരുന്നു തെളിവെടുപ്പ്. കേസിലെ സാക്ഷികളെയും കൊണ്ടുവന്നിരുന്നു. ആദ്യം കൊലനടത്തിയ സ്ഥലത്തെത്തിച്ചാണ് തെളിവെടുപ്പ് നടത്തിയത്.

യാതൊരു കൂസലുമില്ലാതെയാണ് വിരൽ ചൂണ്ടിക്കൊണ്ട് കൃത്യം ചെയ്തത് എങ്ങിനെ എന്നുള്ള കാര്യങ്ങൾ ഇയാൾ വിശദീകരിച്ചത്. സുധാകരനെ കാത്ത് കൊടുവാളുമായി ഒളിച്ചിരുന്ന സ്ഥലവും കാണിച്ചു കൊടുത്തു. സുധാകരന്റെ നിലവിളി കേട്ട് ഓടിയെത്തിയ അമ്മ ലക്ഷ്മി തന്നെ തെറിപറഞ്ഞുവെന്നും ചെന്താമര പോലീസിനോട് വിശദീകരിച്ചു.

സുധാകരനെയും അമ്മ ലക്ഷ്മിയെയും കൊലപ്പെടുത്തിയ ശേഷം സ്വന്തം വീട്ടിലേക്ക് ഓടി രക്ഷപ്പെട്ടു. വെട്ടിയ കൊടുവാൾ അവിടെ ഉപേക്ഷിച്ചു. തുടർന്ന് വീടിന് പിന്നിലൂടെ പാടവരമ്പിലൂടെ ഓടി. ഇതിനിടെ കമ്പി വേലി ചാടികടന്നപ്പോൾ ശരീത്തിൽ ചെറിയ മുറിവേറ്റെന്നും, പകൽ മുഴുവൻ പാടത്തെ ചെറിയ ചാലിൽ തന്നെ ഒളിച്ചിരുന്നുവെന്നും ചെന്താമര വിശദീകരിച്ചു. നേരം ഇരുട്ടിയപ്പോൾ മലകയറി. അവിടെയുള്ള ഒരു പാറയുടെ താഴെ ഒളിച്ചിരുന്നു. രാത്രി പോലീസും നാട്ടുകാരും ടോർച്ച് അടിച്ച് തിരയുന്നത് കണ്ടതോടെ മലയുടെ മുകളിലേക്ക് പോയെന്നും ചെന്താമര അന്വേഷണ സംഘത്തോട് പറഞ്ഞു.

ഇന്നു വൈകിട്ട് മൂന്നുവരെയാണ് ചെന്താമരയെ കസ്റ്റഡിയിൽ ലഭിച്ചിട്ടുള്ളതെന്നും അതിനുള്ളിൽ കുറ്റകൃത്യം പുനരാവിഷ്കരിക്കുന്നതിനാണ് കൊണ്ടുവന്നതെന്നും ഡിവൈഎസ്പി എൻ. മുരളീധരൻ പറഞ്ഞു. സുധാകരനെ കണ്ടതും അതിനുശേഷം നടന്ന സംഭവങ്ങളുമെല്ലാം പുനരാവിഷ്കരിക്കേണ്ടതുണ്ടായിരുന്നു. കൊലപാതകത്തിന് ശേഷം സ്വന്തം വീട്ടിലേക്ക് പോയതും, അവിടെ നിന്ന് തിരിച്ചുപോകുന്നതും, സിമ്മും മൊബൈലും ഉപേക്ഷിച്ചതും, മലയിലേക്ക് രക്ഷപ്പെട്ടതും ആയുധങ്ങൾ ഒളിപ്പിച്ചുവെച്ചതുമെല്ലാം പ്രതി കാണിച്ചുതന്നുവെന്നും ഡിവൈഎസ്പി പറഞ്ഞു. കൂടുതൽ ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിശദമായി ചോദ്യം ചെയ്ത് ശേഷം ഇന്ന് ആയുധം വാങ്ങിയ സ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തുമെന്ന് ഡിവൈഎസ്പി പറഞ്ഞു.

### കേരളത്തിൽ നിന്നുള്ള മെഡിക്കൽ മാലിന്യം

# വാഹനം പിടിച്ചെടുത്ത് ലേലം ചെയ്യാമെന്ന് മദ്രാസ് ഹൈക്കോടതി

**ചെന്നൈ:** കേരളത്തിൽ നിന്നുള്ള മെഡിക്കൽ മാലിന്യങ്ങൾ തമിഴ്നാട്ടിൽ തള്ളുന്നതിനായി കൊണ്ടുവരുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് ലേലം ചെയ്യാമെന്ന് മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ച് ഉത്തരവിട്ടു. മെഡിക്കൽ മാലിന്യങ്ങൾ തള്ളുന്നത് ഗൗരവമേറിയ കുറ്റമാണ്. ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിയമം ശക്തമായി നടപ്പാക്കണമെന്നും കോടതി നിർദേശിച്ചു. കന്യാകുമാരിയിൽ തള്ളാനായി മെഡിക്കൽ മാലിന്യങ്ങൾ കൊണ്ടുവന്നെന്ന പേരിൽ തിരുനെൽവേലി പോലീസ് പിടിച്ചെടുത്ത ട്രക്ക് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി തള്ളിയാണ് മധുര ബെഞ്ചിന്റെ ഉത്തരവ്. കേരളത്തിലെ ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ തിരുനെൽവേലി, നടുകല്ലൂർ, കൊടഗനല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ തള്ളുന്നത് വ്യാപക പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. ഇതിനെതിരെ ദേശീയ ഹരിത ട്രൈബ്യൂണലടക്കം നടപടി സ്വീകരിച്ചിരുന്നു.

# സിനിമാ നിർമാതാവ് തൂങ്ങി മരിച്ച നിലയിൽ

**പനജി:** തെലുങ്ക് സിനിമ നിർമാതാവിനെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. രജനീകാന്ത് നായകനായ 'കബാലി' സിനിമയുടെ തെലുങ്ക് പതിപ്പിന്റെ നിർമാതാവായ കെ.പി. ചൗധരിയെ (44)യാണ് വടക്കൻ ഗോവയിലെ വാടകവീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

സിയോളിം ഗ്രാമത്തിലെ വീട്ടിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയതെന്ന് ഗോവ പോലീസ് അറിയിച്ചു. ആത്മഹത്യയാണെന്നാണ് പ്രാഥമിക നിഗമനം. കൂടുതൽ വിവരങ്ങൾ അന്വേഷിക്കുകയാണെന്നും പോലീസ് അറിയിച്ചു.

ചൗധരി

ലഹരിമരുന്ന് കേസുമായി ബന്ധപ്പെട്ട് കെ.പി. ചൗധരിയെ 2023ൽ സൈബർ സ്ക്വാഡ് അറസ്റ്റ് ചെയ്തിരുന്നു.

# ചരമം

**ശ്രീധരൻപിള്ള. കെ**
**ശ്രീകാര്യം:** കരിയം പരുത്തിവിള വീട് ശ്രീപ്രിയയിൽ ശ്രീധരൻപിള്ള. കെ (77) അന്തരിച്ചു. ഭാര്യ: പ്രേമകുമാരി (റിട്ട. സിൻഡിക്കേറ്റ് ബാങ്ക്). മക്കൾ: ശ്രീപ്രിയ. പി.എസ്, സന്തോഷ് പി.എസ്, സത്യജിത്ത് പി.എസ്. മരുമക്കൾ: ജയൻ, ലക്ഷ്മി, അപർണ്ണ.സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

**ഉഷാകുമാരി**
**കാട്ടാക്കട:** കുളത്തുങ്കൽ മേലേപുവൻവീട്ടിൽ ശ്രീകുമാരൻനായരുടെ ഭാര്യ ഉഷാകുമാരി(63) അന്തരിച്ചു. മക്കൾ: സൗമ്യ,ശ്രീജിത്ത്. മരുമകൾ: മീര. സഞ്ചയനം ഞായറാഴ്ച രാവിലെ 8ന്.

**അജികുമാർ. ബി**
**ശ്രീകാര്യം:** ചെറുവയ്ക്കൽ വടക്കേകുറുങ്കര വീട്ടിൽ അജികുമാർ. ബി (കെ.എസ്.ആർ.ടി.സി തമ്പാനൂർ ടിപ്പോ) (54) അന്തരിച്ചു. ഭാര്യ : സന്ധ്യ. എസ്. മക്കൾ: വിഷ്ണു പ്രസാദ്. എ.എസ്, കൃഷ്ണപ്രിയ. എ.എസ്.

**വിജയൻ. പി**
**മണ്ണന്തല:** താന്നിമൂട്ടു വിളവീട്ടിൽ പരേതനായ പത്മനാഭന്റെയും ചെല്ലമ്മയുടെയും മകൻ വിജയൻ. പി (65)അന്തരിച്ചു. ഭാര്യ: ബേബി. വി. മക്കൾ:വിജി. വി (അസിസ്റ്റന്റ് പ്രൊഫസർ ഗവണ്മെന്റ് എഞ്ചിനീയറിങ് കോളേജ് ബാട്ടൻഹിൽ), വിനിത്. വി. മരുമകൾ:ശ്രീദേവി. വി. എം. സഞ്ചയനം : ശനിയാഴ്ച രാവിലെ 8ന്.

**ബാലചന്ദ്രൻ നായർ**
**വെള്ളനാട്:** വെള്ളനാട് കാഞ്ചനയിൽ എം. ബാലചന്ദ്രൻ നായർ(80) അന്തരിച്ചു. ഭാര്യ സേതുക്കുട്ടി. മക്കൾ ജയ്ജ, സബ്ജ. മരുമക്കൾ: അശോക് ശിവറാം, മനോജ് ജെ.ആർ. സഞ്ചയനം 10 തിങ്കൾ രാവിലെ 9ന്.

**വിദ്യാധരൻ**
**ചേങ്കോട്ടുകോണം:** സ്വാമിയാർമഠം, അരുൺനിവാസ്, പള്ളപ്പാറയിൽ വിദ്യാധരൻ (75) അന്തരിച്ചു. ഭാര്യ: പരേതയായ വരദാഭായി. മക്കൾ: വിജിമോൾ വി.വി, പരേതനായ അരുൺ വി.വി. മരുമകൾ: സൗമ്യ റ്റിഎസ്. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8 ന്.

**ബാബു**
**പെരുങ്ങുഴി:** നാലുമുക്ക് തൊണ്ണയൻവിളാകം ബാബു(74) അന്തരിച്ചു. ഭാര്യ പരേതയായ സരസു. മക്കൾ: ബൈജു, സൈജു, സരിത. മരുമക്കൾ: സുമി, ഗിരീഷ്. സഞ്ചയനം 8 ശനി രാവിലെ 8.30ന്.

**അന്നമ്മ വർഗ്ഗീസ്**
**വെള്ളറട:** അമ്പൂരി ഉളാട്ടിക്കുന്നേൽ പരേതനായ തൊമ്മൻ വർക്കിയുടെ ഭാര്യ അന്നമ്മ വർഗ്ഗീസ് (85)അന്തരിച്ചു. മക്കൾ:തങ്കമ്മ,പെണ്ണമ്മ,വർഗ്ഗീസ്,ജോസ്,മോളി,റോയ്. മരുമക്കൾ: ചാണ്ടി, ജോസ്, ഗ്രേസി, ജെസി, ജോസ്, ലിന്റി, അജി.

**ജയകുമാർ. കെ.പി.**
**തിരുവല്ല:** കേരള ബാങ്കിന് സമീപം, നെടുംപുറത്ത് പുത്തൻവീട്ടിൽ പരേതരായ പരമുവിന്റെയും കുഞ്ഞുലക്ഷ്മി(റിട്ട. അദ്ധ്യാപിക തിരുവല്ല) യുടെയും മകൻ ജയകുമാർ. കെ.പി. (58 ജയൻ, ഡി.ടി.പി സെന്റർ തിരുവല്ല) അന്തരിച്ചു. ഭാര്യ: പ്രതിഭ. മകൾ: ജയലക്ഷ്മി. ജെ.പി. സഞ്ചയനം : വെള്ളിയാഴ്ച രാവിലെ 8.30ന്.

**രാജമ്മ ഫ്രാൻസിസ്**
**തിരുവനന്തപുരം:** മുട്ടട മാടൻകോവിൽ ലെയിൻ അരുൾ നിലയത്തിൽ ഫ്രാൻസിസ്.എ(റിട്ട. എസ് ഐ) യുടെ ഭാര്യ രാജമ്മ ഫ്രാൻസിസ്(71) അന്തരിച്ചു. മകൻ അലൻ.എ(യുകെ). മരുമകൾ: വിൻ ജെയിംസ്(യുകെ).



**ഓമന തങ്കച്ചി**
**കാരക്കോണം:** മേൽപ്പാല, കുറുമാടത്ത് വീട്, വിജയഗീതത്തിൽ പരേതനായ രാമൻപിള്ളയുടെ(റിട്ടയേർഡ് അധ്യാപകൻ പിവിഎം എച്ച്എസ് കാരക്കോണം) ഭാര്യ ഓമന തങ്കച്ചി (93) അന്തരിച്ചു. മക്കൾ: ഗീതകുമാരി (റിട്ടയേർഡ് സീനിയർ ഡ്രാഫ്റ്റ്മാൻ)., അനിൽകുമാർ (റിട്ടയേർഡ് ജോയിന്റ് രജിസ് ട്രാർ കേരള ഹൈക്കോടതി). മരുമക്കൾ: പരേതനായ വിജയകുമാർ, ഷീജ. സഞ്ചയനം: 07വെള്ളിയാഴ്ച രാവിലെ 9ന്.

**ശശിധരൻ**
**മലയിൻകീഴ്:** ചിനിവിള മരുവത്തൂർകോണം എസ്. വിനിവാസിൽ ശശിധരൻ(72) അന്തരിച്ചു. ഭാര്യ: വൽസല. മക്കൾ: രാധിക.വി, രതീഷ്.എസ്. മരുമക്കൾ: ശ്രീകുമാർ,മണുകുക. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8.ന്.

**അനിൽകുമാർ**
**തിരുവനന്തപുരം:** കൊഞ്ചിറവിള ടിസി 49/ 495 (8), എആർഎ9,നിർമാല്യത്തിൽ ടാക്സ് കൺസൾട്ടന്റ് എം.എസ്അനിൽകുമാർ (64) അന്തരിച്ചു. ഭാര്യ ഡോ.മിനി. എംനായർ (അസോസിയേറ്റ് പ്രൊഫസർ,എൻഎസ്എസ് കോളേജ് നിറമൺകര), മക്കൾ അഞ്ജന, അങ്കിത. മരുമകൻ അർജുൻ. എഎസ് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ).

**സി.പ്രസന്ന**
**പുവച്ചൽ:** ആനാകോട് ഷിബുഭവനിൽ പരേതനായ കുട്ടപ്പന്റെ ഭാര്യ സി. പ്രസന്ന(72) അന്തരിച്ചു. മക്കൾ: ഷീല, ഷൈലജ, ഷിബു. മരുമക്കൾ: ലാലപ്പൻ, മുരളി, റീന.

**പി അയ്യപ്പൻ ആചാരി**
**ചേങ്കോട്ടുകോണം:** സ്വാമിയാർമഠം മടവൂർപാററോഡ് സലിംലൈൻ ജി.എസ്.ഭവനിൽ പി. അയ്യപ്പൻ ആചാരി(80) അന്തരിച്ചു. ഭാര്യ: മംഗളം. മക്കൾ: വിജയകുമാർ, രാജേഷ്കുമാർ, അശോക് കുമാർ. മരുമക്കൾ: ഷൈമ, സുജ.

**ത്രിവിക്രമൻപിള്ള**
**നാലാഞ്ചിറ:** തട്ടിനകം, സ്നേഹതീരം, ഗംഗാനഗർ റ്റി.ആർ.ഡബ്ളിയു. എ- ബി-152 ൽ എൻ. ത്രിവിക്രമൻപിള്ള (90) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി.സി. മക്കൾ: സുരേഷ്കുമാർ. റ്റി.വി, സുനിതകുമാരി. സി.എസ്,സുനിൽകുമാർ. റ്റി.വി. മരുമക്കൾ: ചിത്ര കെ.ജി, പരേതനായ വിനോദ്കുമാർ. വി.വി. സഞ്ചയനം ഞായറാഴ്ച രാവിലെ 8.ന്.

**മനു. എസ്**
**മുവോട്ടുകോണം:** ഈഞ്ചവിളകോണം വടക്കേക്കര വീട്ടിൽ സോമന്റെയും ലീലയുടെയും മകൻ മനു(45) അന്തരിച്ചു. പ്രാർത്ഥന 7ന്ന് വെള്ളി രാവിലെ 9ന്.

**വർഗീസ്**
**വെള്ളറട:** അയ്യപ്പൻകോണം. ജെ വി ഭവനിൽ റിട്ടയേർഡ് കണ്ടക്ടർ വർഗീസ്(58) അന്തരിച്ചു. ഭാര്യ ജനറ്റ്, മക്കൾ. ജിത്തു ജെ ബി, ഡോ ഗീതു ജെ ബി .



**മനു. എസ്**
**മുവോട്ടുകോണം:** ഈഞ്ചവിളകോണം വടക്കേക്കര വീട്ടിൽ സോമന്റെയും ലീലയുടെയും മകൻ മനു(45) അന്തരിച്ചു. പ്രാർത്ഥന 7ന്ന് വെള്ളി രാവിലെ 9ന്.



**ജയകുമാർ. കെ.പി.**
**തിരുവല്ല:** കേരള ബാങ്കിന് സമീപം, നെടുംപുറത്ത് പുത്തൻവീട്ടിൽ പരേതരായ പരമുവിന്റെയും കുഞ്ഞുലക്ഷ്മി(റിട്ട. അദ്ധ്യാപിക തിരുവല്ല) യുടെയും മകൻ ജയകുമാർ. കെ.പി. (58 ജയൻ, ഡി.ടി.പി സെന്റർ തിരുവല്ല) അന്തരിച്ചു. ഭാര്യ: പ്രതിഭ. മകൾ: ജയലക്ഷ്മി. ജെ.പി. സഞ്ചയനം : വെള്ളിയാഴ്ച രാവിലെ 8.30ന്.



**ത്രിവിക്രമൻപിള്ള**
**നാലാഞ്ചിറ:** തട്ടിനകം, സ്നേഹതീരം, ഗംഗാനഗർ റ്റി.ആർ.ഡബ്ളിയു. എ- ബി-152 ൽ എൻ. ത്രിവിക്രമൻപിള്ള (90) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി.സി. മക്കൾ: സുരേഷ്കുമാർ. റ്റി.വി, സുനിതകുമാരി. സി.എസ്,സുനിൽകുമാർ. റ്റി.വി. മരുമക്കൾ: ചിത്ര കെ.ജി, പരേതനായ വിനോദ്കുമാർ. വി.വി. സഞ്ചയനം ഞായറാഴ്ച രാവിലെ 8.ന്.

# ബസ് കാലിൽ കയറിയിറങ്ങി വയോധികന് പരിക്ക്

**പോത്തൻകോട്:** അയിരൂപ്പാറ ചാരുംമൂട്ടിൽ കെഎസ്ആർടിസി ബസ് കാലിൽ കയറിയിറങ്ങി വയോധികന് ഗുരുതര പരിക്ക്. ചാരുംമൂട് സ്വദേശി സുകുമാരൻ (72) നാണ് പരിക്കേറ്റത്. ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.15 ഓടെയാണ് സംഭവം. ചാരുംമൂട് ജംഗ്ഷനിലെ സ്റ്റോപ്പിൽ നിറുത്തിയ ബസ് ആളെയിറക്കി മുന്നോട്ടെടുത്തപ്പോൾ കയറാൻ ശ്രമിച്ചപ്പോഴാണ് സുകുമാരൻ പിടിവിട്ട് വീഴ്ന്നത്. ബസിനടിയിൽപ്പെട്ട സുകുമാരന്റെ ഇടതുകാലിൽ കൂടി ബസ് കയറിയിറങ്ങി. ഗുരുതരമായി പരിക്കേറ്റ സുകുമാരനെ മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. പോത്തൻകോട് നിന്നും കിഴക്കേകോട്ടയിലേക്ക് പോയ വികാസ് ഭവനിലെ ബസിലായിരുന്നു അപകടം.

# പ്രസവം കഴിഞ്ഞ് പതിനഞ്ചാം നാൾ വീട്ടമ്മ മരിച്ചു

**വെള്ളറട:** കാരാട്ട് വിളാകം ആറടിക്ക